"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ ബി-എഡ്ഡിന് പ്രവേശനം ലഭിച്ച പാലക്കാട് തൃത്താല ഡോ. കെ.ബി. മേനോൻ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സുജ വി.കെ.യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.8479/2022/GEDN തീയതി,തിരുവനന്തപുരം, 26-12-2022

---

**ഉത്തരവ്**

പാലക്കാട് തൃത്താല ഡോ. കെ.ബി.മേനോൻ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സുജ വി.കെ.യ്ക്ക് ഡിപ്പാർട്ട്മെന്റ് ക്വോട്ടയിൽ ബി-എഡ്ഡിന് പ്രവേശനം ലഭിച്ചതിനാൽ, ടി പഠനം പൂർത്തിയാക്കുന്നതിന് 25/11/2021 മുതൽ 31/03/2023 വരെ കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിക്കുവാൻ ടിയാൾ സമർപ്പിച്ച പരാമർശം (1) അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) പ്രകാരം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പഠനാവശ്യത്തിനായി കെ. എസ്. ആർ. ഭാഗം I ചട്ടം 88 പ്രകാരം അനുവദിക്കുന്ന ശൂന്യവേതനാവധി ഫെബ്രുവരി മാസത്തെ അവസാന പ്രവൃത്തി ദിവസത്തിന് ശേഷം അവസാനിക്കുന്ന പക്ഷം, വെക്കേഷൻ കാലയളവ് അവസാനിച്ച്, സ്കൂൾ റീ ഓപ്പൺ ചെയ്യുന്ന തീയതി വരെ തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകേണ്ടതില്ലെന്ന് 22-4-2021-ലെ ജെ1/289/2019/പൊവിവ നം. സർക്കുലറിൽ വ്യവസ്ഥ ചെയ്യുന്നതിനാൽ വെക്കേഷൻ കാലയളവ് അവസാനിച്ച് 2023-24 അക്കാഡമിക വർഷം സ്കൂൾ റീ ഓപ്പൺ ചെയ്യുന്ന തീയതി വരെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകുന്നതല്ലെന്നും ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജിതാവധി കണക്കാക്കൽ എന്നിവയ്ക്ക് അവധി കാലയളവ് കണക്കാക്കുന്നതല്ലെന്നും, വെക്കേഷൻ കാലയളവ് അവസാനിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്ന തീയതി വരെയുള്ള അവധി ക്രമീകരിക്കുന്നതിന് പ്രത്യേകം അവധി അപേക്ഷയും അനുബന്ധ രേഖകളും നിയന്ത്രണാധികാരി മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ, പാലക്കാട് തൃത്താല ഡോ. കെ.ബി.മേനോൻ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സുജ വി.കെ.യ്ക്ക് പഠനാവശ്യത്തിനായി 25/11/2021 മുതൽ 31/03/2023 വരെ കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി വിവരം ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം.
ശ്രീമതി. സുജ വി.കെ., അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ
ഡോ. കെ.ബി.മേനോൻ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ,
തൃത്താല, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, ഡോ. കെ.ബി.മേനോൻ മെമ്മോറിയൽ ഹയർ
സെക്കന്ററി സ്കൂൾ, തൃത്താല, പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 26-12-2022 14:31:18**
സെക്ഷൻ ഓഫീസർ